LIBRARY ARCHIVES Kerala Legislative Assembly

സംയോജിത കൃഷിത്തോട്ടം പദ്ധതി

118 (2751) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജിത കൃഷിത്തോട്ട പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും 10 കൃഷിത്തോട്ടം എന്ന കണക്കിൽ 10000 കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുമെന്ന 2013-14 വർഷത്തെ ബഡ്ജറ്റിലെ സംസ്ഥാന പതാക നൗക പരിപാടിയിൽപ്പെടുത്തി നടത്തിയ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര പഞ്ചായത്തുകളിൽ ഇത്തരത്തിൽ കൃഷിത്തോട്ടം സ്ഥാപിക്കപ്പെട്ടു ;

(സി) എത്ര കൃഷിത്തോട്ടങ്ങൾ സംസ്ഥാനത്തൊട്ടാകെ സ്ഥാപിക്കപ്പെട്ടുവെന്നറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് 499 പഞ്ചായത്തുകളിലും 5 മുനിസിപ്പാലിറ്റികളിലും മാതൃകാ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

(സി) 3065.

റബ്ബർ വിലയിടിവുമൂലം കർഷക ആത്മഹത്യ

119 (2752) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ വിലയിടിവുമൂലം കടക്കെണിയിലായ എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇവരുടെ കുടുംബത്തിന് എന്തെങ്കിലും സഹായം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഏത് വർഷം മുതലാണ് വിപണിയിൽ റബ്ബറിന് വിലയിടിഞ്ഞത് ;

(ഡി) ഇതിന്റെ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റബ്ബർ വിലയിടിവുമൂലം കടക്കെണിയിലായ കർഷകർ ആത്മഹത്യ ചെയ്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) ബാധകമല്ല.

(സി) 2012 മുതലാണ് ആഭ്യന്തര വിപണിയിൽ റബ്ബറിന് വിലയിടിവ് അനുഭവപ്പെട്ടത്.

(ഡി) ഉണ്ട്.

ഇടുക്കി, കട്ടനാട് പാക്കേജ്

120 (†2753) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി, കട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള നടപടികൾ ഏതുഘട്ടം വരെയായിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) ഈ പാക്കേജിന്റെ ലക്ഷ്യം എന്താണ് ; ഇതിന്റെ ഗുണഭോക്താക്കളെ ഏതു മാനദണ്ഡത്തിലാണ് നിശ്ചയിക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പാക്കേജിന്റെ ഭാഗമായി സർക്കാർ എത്ര തുക നീക്കിവച്ചിട്ടുണ്ട് ;

(ഡി) ഈ പാക്കേജിൽ കേന്ദ്ര സഹായം ലഭിക്കുമോ ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇടുക്കി, കട്ടനാട് പാക്കേജുകളുടെകീഴിൽ അംഗീകാരം ലഭിച്ച വിവിധ പദ്ധതികൾ പുരോഗമിക്കുന്നു. പാക്കേജുകളുടെ കാലാവധി കഴിഞ്ഞു എന്ന് കേന്ദ്രം അറിയിച്ചിട്ടുണ്ടെങ്കിലും വിഭാവന ചെയ്തിട്ടുള്ള പ്രധാന പ്രവർത്തികളായ തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ എന്നിവയുടെ നവീകരണം, എ. സി. കനാൽ, പുറം ബണ്ട് നിർമ്മാണം (കട്ടനാട് പാക്കേജ്), ഗ്രാമീണ റോഡ് നിർമ്മാണം, വാട്ടർ ഷെഡ് നിർമ്മാണം, ചെക്ക് ഡാം (ഇടുക്കി പാക്കേജ്) എന്നിവ പൂർത്തീകരിച്ചിട്ടില്ല.

---

† മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു